**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2749** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളിലെ മുഴുവൻ നിയമനങ്ങളും സഹകരണ പരീക്ഷ ബോർഡിന് വിടുമെന്ന തീരുമാനം നടപ്പിലായോ എന്നറിയിക്കാമോ; | (എ) | സഹകരണ സംഘങ്ങളിലെ മുഴുവൻ നിയമനങ്ങളും സഹകരണ പരീക്ഷ ബോർഡിന് വിടുന്ന വിഷയം സഹകരണ നിയമ സമഗ്ര ഭേദഗതിയിൽ പരിഗണനാ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സഹകരണ വിജിലൻസിനെ കാര്യക്ഷമമാക്കും എന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സമീപകാലത്തായി കേരളത്തിലെ ചില സഹകരണ സംഘങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ സഹകരണ വിജിലൻസിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി കൊണ്ടു വരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. |
| (സി) | സഹകരണ വകുപ്പിനെ അധുനികവത്കരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | സഹകരണ വകുപ്പിനെ ആധുനികവല്ക്കരിക്കുന്നതിനായി ചുവടെ വിവരിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. E-Office:- സഹകരണവകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി.) ചേർന്ന് 2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. KSWAN കണക്ടിവിറ്റി ലഭ്യമല്ലാത്ത ആഫീസുകളിൽ BSNL leased line കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി വർക്ക് ഓർഡർ നൽകിയിട്ടുള്ളതും കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. 30/04/2022 ന് മുൻപായി സഹകരണവകുപ്പിനെ സമ്പൂർണ്ണ ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള ഏകീകൃത സോഫ്റ്റ് വെയർ :- കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക ബാങ്കിംഗ് |

സൗകര്യങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, പ്രതിമാസ നിക്ഷേപ പദ്ധതി തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്നതരത്തിലാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലും ഇടപാടുകളിൽ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയുമാണ് RFP തയ്യാറാക്കിയിട്ടുള്ളത്. ICDMS (Integrated Co-operative Department Management System):- സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം താഴെ പറയുന്ന 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്. i) സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി :- സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/ സഹകരണ സംഘങ്ങൾക്ക് തന്നെ നേരിട്ട് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ഒടുക്കുന്നതിന് ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ യുമായി സംയോജിപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയുടെ അപേക്ഷകൾ സമർപ്പിക്കുന്നതും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ടി സംവിധാനത്തിലൂടെയാണ്. ii) ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ:- സംസ്ഥാന/ എൻ.സി.ഡി.സി. പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേക്കായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഈ മൊഡ്യൂളിൽ നിന്നും ലഭ്യമാകുന്നതും ആയത് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും കഴിയുന്നതാണ്. iii) ആഡിറ്റ് മൊഡ്യൂൾ :- സഹകരണ സംഘങ്ങളുടെ ആഡിറ്റ്

റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള മൊഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു. സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം:- സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. Co-operative Audit Monitoring & Information System (CAMIS):- ICDMS പ്രോജക്റ്റിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ സിസ്റ്റത്തിലൂടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും താലൂക്ക് തിരിച്ച് മുഴുവൻ സംഘങ്ങളുടെയും പട്ടിക, നിശ്ചിത കാലയളവിൽ ആഡിറ്റ് ചെയ്യാവുന്ന വിവിധ വിഭാഗത്തിൽപ്പെട്ട ആകെ സംഘങ്ങളുടെ എണ്ണം, ആയതിൽ ആഡിറ്റ് പൂർത്തീകരിച്ചവയുടെ എണ്ണം, ആഡിറ്റ് പൂർത്തീകരിക്കാൻ ബാക്കി നിൽപ്പുള്ളവയുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ സംഘത്തിന്റെയും അടിസ്ഥാന വിവരങ്ങളും ബാലൻസ് ഷീറ്റിന്റെ സംക്ഷിപ്തവും പൊതുജനങ്ങൾക്ക് ഉൾപ്പെടെ ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള ഡാഷ്ബോർഡുകളും ലഭ്യമാണ്. സംഘങ്ങളുടെ ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ, ക്രമക്കേടുകളിൻമേൽ വകുപ്പ് സ്വീകരിച്ച നടപടികൾ തുടങ്ങിയ വിവരങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അറിവിലേക്കും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ലഭ്യമാക്കിയിട്ടുണ്ട്. CAMIS നടപ്പിലാക്കിയതിലൂടെ കേരളത്തിലെ ഏത് സഹകരണസംഘത്തെ

| | | | |
|---|---|---|---|
| | | | കുറിച്ചുള്ള അടിസ്ഥാന വിവരങ്ങളും ലോകത്തിന്റെ ഏത് കോണിലിരുന്നും ആർക്കും വിരൽത്തുമ്പിൽ ലഭിക്കുന്നതാണ്. സഹകരണസംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്ന തിലൂടെ വകുപ്പ്തല വിവര ശേഖരണം സുഗമമാക്കുന്നതിനും സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമായി നിരീക്ഷിക്കു ന്നതിനും ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും കഴിയുന്നതാണ്. സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും, യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് :- പരീക്ഷാ നടപടികൾക്ക് ഓൺലൈൻ സംവിധാനം :- സഹകരണ പരീക്ഷാ ബോർഡ് വഴിയുള്ള നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനും തുടർന്നുള്ള പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം തുടങ്ങിയവും ഓൺലൈനായി നടപ്പിലാക്കുന്ന തിനുള്ള സംവിധാനം C-Dit ന്റെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. 2022 മാർച്ച് 31ന് പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ